പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3822 — 25-06-2013-ൽ മറുപടിക്ക്

ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മീഷൻ ഓഫീസിൽ
കണ്ടിജൻസി ബിൽ പ്രകാരം മാറിയ തുക

ചോദ്യം

ശ്രീ. കെ. കെ. നാരായണൻ

ഉത്തരം

ശ്രീ. കെ. എം. മാണി
(ബഹു:ധനകാര്യ, നിയമ,
ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ ഓഫീസിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കണ്ടിജൻസി ബിൽ പ്രകാരം എത്ര രൂപാ മാറിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ ഓഫീസിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 21-06-2013 - വരെ കണ്ടിജൻസി ബിൽ പ്രകാരം 16,16,561/- (പതിനാറ് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം) രൂപ മാറിയിട്ടുണ്ട്. |
| (ബി) | ഇത് ആരുടെയൊക്കെ പേരിലാണ് മാറിയിട്ടുള്ളത് എന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?. | പ്രസ്തുത തുകയിൽ വേതനം ഇനത്തിൽ 459465/- രൂപയും വെള്ളക്കരം ഇനത്തിൽ 4526/- രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ 76479/- രൂപയും ടെലിഫോൺ വാടക ഇനത്തിൽ 115912/- രൂപയും, കെട്ടിടവാടക ഇനത്തിൽ 239376/- രൂപയും മോട്ടോർ വെഹിക്കിൾസ് റിപ്പയർ ആന്റ് മെയിന്റനൻസ് ഇനത്തിൽ 6116/- രൂപയും ഇന്ധനചെലവ് ഇനത്തിൽ 18166/- രൂപയും മറ്റിനങ്ങളിലായി 696520/- രൂപയും മാറിയിട്ടുണ്ട്. മറ്റിനങ്ങളിൽ മാറിയ തുക കെൽട്രോൺ, സ്മാർടെക്, |

| | |
|---|---|
| | പത്രം, ദിവസവേതനക്കാരുടെ ശമ്പളം മുതലായവയും ഓഫീസിലെ ബുക്കുകളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ, സ്റ്റേഷനറി, കയറ്റിറക്ക് കൂലി, ഇലക്ട്രിസിറ്റി മെയിന്റനൻസ്‌വർക്ക്, ഓഫീസ് ഫർണിച്ചറുകളുടെ റിപ്പയറിംഗ്, ഓഫീസർമാരുടെ ടവൽ, ഫ്ളാസ്ക്, സ്റ്റാഫ് മീറ്റിംഗ് സമയങ്ങളിലുള്ള ചായസത്ക്കാരം, മറ്റ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ ഇനത്തിലും താഴെപ്പറയുന്നവർക്ക് നൽകിയിട്ടുണ്ട്.<br><br>മണിയൻ, രാഘവൻ ആചാരി, ശശിധരൻ ഹരികുമാർ, രാജൻ, അജയകുമാർ വിജയൻ, അമ്പിളി, പുഷ്പ, സദാനന്ദൻ സത്യപാൽ, അരുൺകൃഷ്ണൻ, കല, മനു രാജു, അംബിക, രമേഷ്, ചിത്രകല, ശ്രീകല, അനുപമ, കൃഷ്ണമോഹൻ, റീന, സിനി. |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ